# പതിനഞ്ചാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 462** **08.07.2024 ൽ മറുപടിയ്ക്ക്**

## അങ്കണവാടി കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.പി.മമ്മിക്കുട്ടി<br>ശ്രീമതി.യു.പ്രതിഭ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ | | മറുപടി<br>ശ്രീ എം.ബി.രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് -<br>പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള തൊഴിലുറപ്പ് പദ്ധതിയും വനിതാ ശിശു വികസന വകുപ്പും ത്രിതല തദ്ദേശ സംവിധാനങ്ങളും സംയുക്തമായി നടപ്പാക്കുന്ന അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വനിതാ ശിശുവികസന വകുപ്പും ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള തൊഴിലുറപ്പ് പദ്ധതിയും ചേർന്ന് നടപ്പാക്കുന്ന അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം 2016-17 മുതൽ നാളിതുവരെ നിർമ്മിക്കുന്ന അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു;<br><br>അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുള്ളവ - 771<br>നിർമ്മാണം പൂർത്തീകരിച്ചവ - 474<br>നിർമ്മാണം പുരോഗമിച്ചു വരുന്നവ - 84<br>നിർമ്മാണം ആരംഭിക്കാനുള്ളവ - 213 |
| (ബി) | പ്രസ്തുത സംയുക്ത സംരംഭത്തിന് കീഴിൽ ഇതുവരെ എത്ര അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ നിർമ്മാണം പുരോഗമിക്കുന്നവയും എത്ര വീതമെന്ന്അറിയിക്കാമോ; | (ബി) | നിർമ്മാണം പൂർത്തീകരിച്ചവ - 474<br>നിർമ്മാണം പുരോഗമിച്ചു വരുന്നവ -84 |
| (സി) | അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ/പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാർ മുഖേന നടപടി സ്വീകരിക്കാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളും അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി സ്ഥലം വിട്ട് നൽകുന്നുണ്ട്. |

M B RAJESH
MINISTER

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 462 നുള്ള വിശദീകരണക്കുറിപ്പ്**

ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വനിത ശിശു വികസന വകുപ്പും. MGNREGS മിഷനും ചേർന്ന് സംയുക്തമായി നിർമ്മിച്ച് വരുന്ന അങ്കണവാടി കെട്ടിട പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS മിഷനും, 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നു.

നിർമ്മാണ അനുമതി നൽകിയിട്ടുള്ള 771 അംഗൻവാടി കെട്ടിടങ്ങളിൽ 474 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതും, 84 എണ്ണം നിർമ്മാണം പുരോഗമിച്ച് വരുന്നതും, 213 എണ്ണം നിർമ്മാണം ആരംഭിക്കാനുള്ളവയുമാണ്.

അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ/പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാർ മുഖേന നടപടി സ്വീകരിക്കാറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നുണ്ട്. കൂടാതെ സ്വകാര്യവ്യക്തികൾ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകുന്നുണ്ട്.

---------------------------------------------------------